LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിയിൽനിന്ന് ജനങ്ങൾക്ക് കിട്ടുന്ന സേവനങ്ങൾ

180 [1860] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽനിന്ന് ജനങ്ങൾക്ക് കിട്ടുന്ന സേവനങ്ങൾ എന്തെല്ലാമാണെന്നും വാട്ടർ അതോറിറ്റിയിൽ ഓരോ വിഷയത്തിനും അടയ്ക്കേണ്ട തുക എത്രയാണെന്നും വാട്ടർ അതോറിറ്റി/ഡ്രെയിനേജ് ഓഫീസുകളിൽ വെളിപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് വെളിപ്പെടുത്തുന്നതിന് വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(സി) ഇതിന്റെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും വെളിപ്പെടുത്തിയിട്ടില്ല. എന്നാൽ ദക്ഷിണ മേഖലയിലും മദ്ധ്യമേഖലയിലും മുഖ്യ കാര്യാലയങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റായ http://www.keralawater.org-ലും ലഭ്യമാക്കിയിട്ടുണ്ട്.

(ബി ആന്റ് സി) ഇപ്പോൾ മദ്ധ്യമേഖലയിലെയും ദക്ഷിണ മേഖലയിലെയും കാര്യാലയങ്ങളിൽ വെളിപ്പെടുത്തിയിട്ടുള്ള മാതൃകയിൽ മറ്റ് കാര്യാലയങ്ങളിലും സേവനങ്ങൾ, അടയ്ക്കേണ്ട തുക മുതലായ വിവരങ്ങൾ വെളിപ്പെടുത്തുന്നതിനു വേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

കുന്ദമംഗലം മണ്ഡലത്തിലെ മുക്കം അങ്ങാടിയിലുള്ള കെ.ഡബ്ല്യു.എ.-യുടെ വാട്ടർ ടാങ്കിന്റെ ചോർച്ച

181 [1863] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മുക്കം അങ്ങാടിയിലുള്ള കെ.ഡബ്ല്യു. എ.യുടെ വാട്ടർ ടാങ്കിന് ചോർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പൊളിച്ചുമാറ്റി ഒരു വലിയ ടാങ്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതോടനുബന്ധിച്ചുള്ള പമ്പുസെറ്റിന് ശക്തികുറവാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശക്തി കൂടിയ പമ്പുസെറ്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ സർക്കാർ എടുത്ത നടപടി വിശദമാക്കാമോ;

(എഫ്) പുതിയ പമ്പു സെറ്റും ടാങ്കും എന്ന് സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതിയ ടാങ്ക് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല. എന്നാൽ നിലവിലുള്ള പമ്പ് സെറ്റ് കാലപ്പഴക്കം ചെന്നതുമൂലം അതിന്റെ ഡിസ്ചാർജ് കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) കാലപ്പഴക്കം ചെന്ന കിണറിനും പമ്പ് ഹൗസിനും പകരം പുതിയ കിണറും പമ്പ് ഹൗസും നിർമ്മിക്കുന്ന പ്രവൃത്തിക്ക് 2004 ഫെബ്രുവരിയിൽ 6 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത വർക്ക് പുരോഗമിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പണി പൂർത്തിയാക്കുന്നതാണ്.

സംസ്ഥാനത്തെ അനാഥാലയങ്ങൾക്കും ധർമ്മ സ്ഥാപനങ്ങൾക്കും സൗജന്യ നിരക്കിൽ കുടിവെള്ള വിതരണം

182 [1866] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങൾക്കും ധർമ്മ സ്ഥാപനങ്ങൾക്കും കുടിവെള്ളം വിതരണം നടത്തുന്നത് വ്യാപാര-വാണിജ്യാവശ്യങ്ങൾക്കുള്ള നിരക്കിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് സൗജന്യ നിരക്കിൽ കുടിവെള്ള വിതരണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സ്ഥാപനങ്ങൾക്ക് കുടിവെള്ളം വിതരണം നടത്തുന്നത് ഗാർഹികേതര ആവശ്യങ്ങൾക്കുള്ള നിരക്കിലാണ്.

(ബി) നിലവിലുള്ള വ്യവസ്ഥകളും സാമ്പത്തിക നിലയും കണക്കിലെടുത്ത് കുടിവെള്ളം സൗജന്യ നിരക്കിൽ വിതരണം ചെയ്യുവാൻ കേരള ജല അതോറിറ്റിക്ക് നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly